(ബി) 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങ്-കവുങ്ങ് കയറ്റത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മരം കയറ്റത്തൊഴിലാളികൾക്ക് അംഗത്വം നൽകി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. ഇതുകൂടാതെ കേരള മരം കയറ്റത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരം കയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്കും മരം കയറ്റത്തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്കും നിലവിൽ യഥാക്രമം 1,00,000 (ഒരുലക്ഷം രൂപ മാത്രം) രൂപയും 50,000 (അമ്പതിനായിരം രൂപ മാത്രം) രൂപയും നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതിനുപുറമേ തൊഴിലിനിടയിൽ വീണ് ജോലി ചെയ്യാൻ കഴിയാത്ത വിധം പരിക്ക് പറ്റുന്ന തൊഴിലാളിക്കും മരത്തിൽ നിന്നും വീണ് മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് 2012-ലെ 'കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

തൊഴിൽ നൈപുണ്യപദ്ധതി-സാങ്കേതിക വിദ്യാഭ്യാസം

202 (2482) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് കോളേജുകൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസത്തിൽ നല്ല മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ സ്കോളർഷിപ്പുകൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ & ബി) തൊഴിൽ നൈപുണ്യപദ്ധതിയുമായി ബന്ധപ്പെട്ട് പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനോ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനോ തൊഴിലും നൈപുണ്യവും വകുപ്പിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly